# ജനാധികാരത്തിന്റെ സാധ്യതകൾ

**വിഭവങ്ങളുടെ അപര്യാപ്തതയും പരിസ്ഥിതി മലിനീകരണവും രൂക്ഷമായ പ്രശ്നങ്ങളായിത്തീർന്നിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ വ്യവസായവൽക്കരണം ഏത് രീതിയിലാകണം എന്ന ചിന്തകൾ അവതരിപ്പിക്കുന്നു**

**പി.എൽ. വിജയകുമാർ**

## വൻവ്യവസായങ്ങൾക്ക് കേരളത്തിൽ സാധ്യതയില്ല

**ഭൂമി** നമുക്ക് ഏറ്റവും പരിമിതമായി മാത്രം ലഭ്യമായ ഒരു വിഭവമാണ്. അതിനാൽ ഒരു വൻവ്യവസായത്തെ കേരളത്തിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്നത് ചരിത്രത്തിന്റെ തിരിച്ചുപോക്കിലേക്കായിരിക്കും ചെന്നെത്തുക. കൃഷിഭൂമി മാത്രമല്ല, പാർപ്പിടങ്ങളും സ്കൂളുകളും എല്ലാം ഉൾപ്പെടുന്ന നഗരവൽകൃത സമൂഹത്തെ കുടിയൊഴിപ്പിച്ചുമാത്രമേ അത്തരം സംരംഭങ്ങൾ സാധ്യമാകൂ. കൃഷിഭൂമിയും ചതുപ്പുനിലങ്ങളും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ വില്പനയിലൂടെ ലാഭം നേടാവുന്ന ചരക്കുകളായി മാറിയിരിക്കുന്ന പുതിയ സാമ്പത്തിക സമവാക്യങ്ങളുടെ ഈ കാലത്ത് ഇത് ഒട്ടനവധി പ്രതിഷേധങ്ങൾക്ക് വഴിതുറക്കും. മറ്റൊരു പ്രധാന പ്രശ്നമാണ് വ്യവസായങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി നാശം. വിശാലകൊച്ചിയുടെയും അടുത്ത പ്രദേശങ്ങളുടെയും ലക്ഷക്കണക്കിന് ജനങ്ങളുടെ ഏക കുടിവെള്ള സ്രോതസ്സായ പെരിയാറിനെ ഏലൂർ എടയാർ പ്രദേശങ്ങളിലെ വ്യവസായ ശാലകൾ എത്ര മാത്രമാണ് മലിനമാക്കിയിരിക്കുന്നു. ഈ രണ്ട് കാരണങ്ങളാൽ കേരളത്തിന്റെ വ്യവസായവൽക്കരണത്തെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ പുനർവിചിന്തനം ആവശ്യമാണ്.

**1.** വൻവ്യവസായങ്ങൾക്ക് പകരം ഇടത്തരം, ചെറുകിട വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുക.

**2.** കേരളത്തിന്റെ സാമൂഹ്യജീവിതത്തിന് ഹാനികരമല്ലാത്ത വ്യവസായങ്ങൾക്ക് മാത്രം അനുമതി നൽകുക.

**3.** കുറവ് ഭൂമി ആവശ്യമുള്ളതും കൂടുതൽ തൊഴിൽ സാധ്യതയുള്ളതുമായ ഐ.ടി, ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾക്ക് പ്രാമുഖ്യം നല്കുക.

**4.** പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും വികാസത്തിനും വിഘാതമായ ഘടകങ്ങൾ കണ്ടെത്തി പരിഹാരം തേടുക.

**5.** തൊഴിൽ മേഖലയിലെ അനാരോഗ്യപ്രവണതകൾ തടയുന്നതിനും പുതിയ തൊഴിൽ സംസ്കാരം വളർത്തുന്നതിനും തൊഴിലാളി സംഘടനാ നേതൃത്വവുമായി നിരന്തരം ചർച്ചകളിൽ ഏർപ്പെടുക.

**6.** മിനിമം കൂലി വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്ത് പരമ്പരാഗത തൊഴിൽ മേഖലയിലെ വിദഗ്ധതൊഴിലാളികൾ മറ്റ് മേഖലകളിലേക്ക് കുടിയേറുന്ന സാഹചര്യം ഒഴിവാക്കുക.

**7.** പരമ്പരാഗത മേഖലയുടെ അസംസ്കൃത വസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെ / രാജ്യങ്ങളെ ആശ്രയിക്കുന്ന രീതി ക്രമേണ കുറച്ചുകൊണ്ടുവരിക. (ഉദാ: ചകിരി, പരുത്തി, നൂൽ, കശുവണ്ടി)

**8.** കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളിൽ സാധ്യമായ രംഗങ്ങളിൽ (ഉദാ: കയർ) കയറ്റുമതിക്കാരുടെ കാർട്ടൽ രൂപീകരിച്ച് അനാരോഗ്യകരമായ മത്സരം ഒഴിവാക്കുകയും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില നേടുകയും ചെയ്യുക.

**9.** ഭൂപ്രകൃതിയും കാലാവസ്ഥയും കൊണ്ട് കേരളം അടിസ്ഥാനപരമായ ഒരു കാർഷിക സംസ്ഥാനമാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണവും കാർഷിക അനുബന്ധ വ്യവസായങ്ങൾക്കും കൂടുതൽ ഊന്നൽ നല്കേണ്ടതാണ്.

**10.** കമ്പ്യൂട്ടർ സോഫ്ട് വെയറിനോടൊപ്പം ഹാർഡ് വെയർ അനുയോജ്യമായ വ്യവസായമാണ്. ദീർഘവീക്ഷണത്തോടെയുള്ള പുതിയ സംരംഭങ്ങൾ പ്രത്യേകിച്ചും കമ്പ്യൂട്ടർ ചിപ്പുകളുടെ നിർമ്മാണം പരീക്ഷിക്കപ്പെടേണ്ടതാണ്.


**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**
**വായനക്കാരുടെ പ്രതികരണങ്ങൾ**
**അറിയിപ്പുകൾ അഭിപ്രായങ്ങൾ എല്ലാം**

**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം കൊക്കാലെ, തൃശൂർ -21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com